I/87730/2023

**ആരോഗ്യവകുപ്പ് ഡയറക്ടറുടെ നടപടിക്രമം**
**തിരുവനന്തപുരം**

വിഷയം:- ആ.വ.ഡ-ജീവനക്കാര്യം-സ്പെഷ്യാലിറ്റി കേഡർ-ഡോ. ആനന്ദ്.എസ്, ജൂനിയർ കൺസൾട്ടന്റ്, റെസ്പിറേറ്ററി മെഡിസിൻ ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യുണൽ മുൻപാകെ ഫയൽ ചെയ്ത OA (EKM)-1492/2023 മേലുള്ള 07.09.2023 ലെ ഉത്തരവ് അനുപാലിച്ചു ഉത്തരവാകുന്നു.

പരാമർശം:- 1. ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യുണലിന്റെ OA (EKM)-1492/ 2023 മേലുള്ള 07.09.2023 തീയതിയിലെ ഉത്തരവ്
2. ഡോ. ആനന്ദ്.എസ് സമർപ്പിച്ച അപേക്ഷ തീയതി 30.06.2023

**ഉത്തരവ് നം. ഇ.എ1 -4607/2023/ആ.വ.ഡ തീയതി: 27-09-2023**

കാസർഗോഡ് TATA ട്രസ്റ്റ് ആശുപത്രിയിലെ റെസ്പിറേറ്ററി മെഡിസിൻ വിഭാഗം ജൂനിയർ കൺസൾട്ടന്റ് ആയ ഡോ. ആനന്ദ്.എസ് ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബുണൽ മുൻപാകെ ഫയൽ ചെയ്ത OA(EKM)-1492 ന്റെ 07.09.2023 തീയതിയിലെ ഉത്തരവിൽ പുലയനാർകോട്ട നെഞ്ചു രോഗ ആശുപത്രിയിൽ നിലവിൽ വന്ന റെസ്പിറേറ്ററി മെഡിസിൻ വിഭാഗം ജൂനിയർ കൺസൾട്ടന്റ് തസ്തികയിലെ ഒഴിവിൽ നിയമനം നടത്തുന്നതിന് മുൻപായി ഡോ. ആനന്ദ്.എസ് Annexure A8 ആയി സമർപ്പിച്ച അപേക്ഷ കൂടി പരിഗണിച്ച ശേഷം ഒരു മാസത്തിനുള്ളിൽ തീരുമാനമെടുക്കണമെന്ന് 1st respondent ആയ ആരോഗ്യ വകുപ്പ് ഡയറക്ടർക്ക് നിർദേശം നൽകിയിട്ടുണ്ട്.

2. പരാമർശം (2) പ്രകാരം ഡോ. ആനന്ദ്.എസ് സമർപ്പിച്ച അപേക്ഷയിൽ ടിയാന്റെ ഹോം സ്റ്റേഷൻ ആയ പത്തനംതിട്ട ജില്ലയിലോ പുലയനാർകോട്ട നെഞ്ചു രോഗ ആശുപത്രിയിൽ നിലവിൽ വന്ന ഒഴിവിലോ സ്ഥലം മാറ്റം നൽകണമെന്നാണ് ആവശ്യപ്പെട്ടിരിക്കുന്നത്. ടിയാൻ 13/11/2020 മുതൽ കാസർഗോഡ് TATA ട്രസ്റ്റ് ആശുപത്രിയിൽ ജോലി ചെയ്യുന്നു. പുലയനാർകോട്ട നെഞ്ചു രോഗ ആശുപത്രിയിൽ നിലവിൽ വന്ന റെസ്പിറേറ്ററി മെഡിസിൻ വിഭാഗം ജൂനിയർ കൺസൾട്ടന്റ് തസ്തികയിലെ ഒഴിവിലേയ്ക്ക് സ്ഥലം മാറ്റത്തിനു അപേക്ഷ സമർപ്പിച്ച മറ്റ് മെഡിക്കൽ ഓഫീസർമാരുടെ അപേക്ഷകൾ പരിശോധിച്ചതിൽ നിന്നും ടി ഒഴിവിലേയ്ക്ക് സ്ഥലം മാറ്റം ലഭിക്കുന്നതിന് കൂടുതൽ യോഗ്യതയുള്ളത് ഡോ. ആനന്ദ്.എസ്-നാണെന്ന് കാണുന്നു.

I/87730/2023

3. മേൽ സാഹചര്യത്തിൽ കാസർഗോഡ് **TATA** ട്രസ്റ്റ് ആശുപത്രിയിലെ റെസ്പിറേറ്ററി മെഡിസിൻ വിഭാഗം ജൂനിയർ കൺസൾട്ടന്റ് ആയ ഡോ. ആനന്ദ്.എസ് നെ തിരുവനന്തപുരം ജില്ലയിലെ പുലയനാർകോട്ട നെഞ്ചു രോഗ ആശുപത്രിയിലേയ്ക്ക് സ്ഥലം മാറ്റി നിയമിച്ചു ഉത്തരവാകുന്നു.

4. ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണലിന്റെ **OA(EKM)-1492** മേലുള്ള **07.09.2023** ലെ ഉത്തരവ് മേൽ പ്രകാരം അനുപാലിച്ചു ഉത്തരവാകുന്നു.

Signed by
Dr Reena K J
Date: 27-09-2023 16:40:04
ആരോഗ്യ വകുപ്പ് ഡയറക്ടർ

സ്വീകർത്താവ്: ഡോ. ആനന്ദ്.എസ്, ജൂനിയർ കൺസൾട്ടന്റ് , റെസ്പിറേറ്ററി മെഡിസിൻ, **TATA** ട്രസ്റ്റ് ആശുപത്രി, കാസർഗോഡ്

പകർപ്പ് :
1. അഡ്വക്കേറ്റ് ജനറൽ, എറണാകുളം (ആമുഖകത്ത് സഹിതം)
2. അക്കൗണ്ടന്റ് ജനറൽ (എ & ഇ ), കേരള, തിരുവനന്തപുരം
3. ബന്ധപ്പെട്ട ജില്ലാ മെഡിക്കൽ ഓഫീസർമാർ
4. ബന്ധപ്പെട്ട സ്ഥാപന മേധാവികൾ
5. ആരോഗ്യ വകുപ്പ് ഡയറക്ടറുടെ ഔദ്യോഗിക വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്